പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3360 14.03.2018- ൽ മറുപടിയ്ക്ക്

## പ്രായമായവരുടെ ജീവിതസുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എഴുപത് വയസ്സിനു മേൽ പ്രായമായവർ എത്രയാണെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കാമോ; | (എ) | 2011 ലെ ജനസംഖ്യ സെൻസസ് പ്രകാരം സംസ്ഥാനത്ത് എഴുപത് വയസ്സിന് മേൽ പ്രായമായവർ 17,76,588 പേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇവരുടെ ജീവിതം സംരക്ഷിതമാക്കാനും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വയോജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമം സംരക്ഷിയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാർ വയോജന നയം പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. മുതിർന്നവരുടെ ആരോഗ്യ സംരക്ഷണം സംബന്ധിച്ച് ജീറിയാട്രിക് വാർഡ് രൂപീകരിക്കുക, പാലിയേറ്റീവ് കെയർ, സൗജന്യ |

| | | | |
|---|---|---|---|
| | | | ആംബുലൻസ് സേവനം, സൗജന്യമായി മരുന്നുകൾ തുടങ്ങിയവ ലഭ്യമാക്കുന്ന നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ **'വയോമിത്രം'** പദ്ധതി നടപ്പാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് സേവനം, കൗൺസലിംഗ് സേവനം, ഹെൽപ്പ്ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ 65 വയസ്സ് കഴിഞ്ഞ മുനിസിപ്പൽ/ കോർപ്പറേഷൻ നഗരസഭ പ്രദേശത്ത് വസിക്കുന്ന ഏതൊരാൾക്കും ടി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ടി പദ്ധതി സംസ്ഥാനത്തെ 83 നഗരസഭ പ്രദേശത്ത് നടപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10 നഗരസഭകളിലും പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ 16 സർക്കാർ വൃദ്ധസദനങ്ങളിലെ 800 ൽ പരം |

| | | | |
|---|---|---|---|
| | | | അന്തേവാസികൾക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന **"വയോ അമൃതം"** പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയായ "**മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ**" നടപ്പാക്കി വരുന്നുണ്ട്.<br><br>മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനത്തിനും, വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദ മാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയായ **"വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത"** നടപ്പാക്കി വരുന്നു..<br><br>ബി.പി.എൽ കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **"രാഷ്ട്രീയ വയോശ്രീ യോജന"** സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത നിരവധി വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ, ഇവരെ സംരക്ഷിക്കുവാനും ഇവർക്ക് ഒത്തുചേർന്ന് ഇരിക്കുവാനും വിനോദോപാധികളിൽ ഏർപ്പെടാനും താലൂക്കടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളിൽ നിന്ന് മാതാപിതാക്കൾക്ക് സംരക്ഷണവും സംരക്ഷണ ചെലവും ഉറപ്പാക്കാനുദ്ദേശിച്ചു-കൊണ്ടുള്ള വയോജന സംരക്ഷണ നിയമം, സംസ്ഥാനത്ത് 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ അദ്ധ്യക്ഷന്മാരായി നിയമിച്ച് സംരക്ഷണ കോടതികൾ (മെയിന്റനൻസ് ട്രിബ്യൂണലുകൾ) പ്രവർത്തിച്ചു വരുന്നു. ട്രിബ്യൂണലുകൾ വയോജനങ്ങളുടെ പരാതി സ്വീകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ പകൽ സമയത്ത് വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് സമപ്രായക്കാരുമായി ഒത്തുകൂടുന്നതിനും വിനോദോപാധികളിൽ ഏർപ്പെടുന്നതിനും ലക്ഷ്യമിട്ട് 'സായംപ്രഭ ഹോം' പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | പ്രായമായ മാതാപിതാക്കളെ ഉപദ്രവിക്കുകയും സംരക്ഷിക്കാ-തിരിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |
| (ഇ) | സംസ്ഥാന സർക്കാർ വയോജനനയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കെയാണ് ഈ നയം വഴി ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; | (ഇ) | മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമിട്ടുള്ള സംസ്ഥാന വയോജന നയം 6.5.2013 ലെ സ.ഉ.(എം.എസ്) നം.37/2013/സാനീവ നമ്പർ പ്രകാരം പ്രഖ്യാപിയ്ക്കപ്പെട്ടിട്ടുണ്ട്. അറുപതു വയസ്സിനു മേൽ പ്രായമുള്ള എല്ലാപേരുടേയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി ഈ നയം അംഗീകരിയ്ക്കുന്നു. നയപരമായ ഒരു നയരേഖയെന്നതിനപ്പുറം മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട |

| | | | |
|---|---|---|---|
| | | | പദ്ധതികളിലേയ്ക്കുള്ള വഴികാട്ടി കൂടിയാകുവാൻ സംസ്ഥാന വയോജനനയം 2013 ലക്ഷ്യമിടുന്നു. |
| (എഫ്) | വയോജനനയം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | മുതിർന്നവർക്കായുള്ള സംസ്ഥാന വയോജന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ മാത്രമേ വയോജന നയത്തിന്റെ ഫലപ്രദമായ നടപ്പാക്കൽ സാധ്യമാവൂ. ആയതിനാൽ ആരോഗ്യം, നിയമം, പോലീസ്, പഞ്ചായത്ത്, തുടങ്ങിയ വകുപ്പുകളുമായി ചേർന്നും പൊതുജന ബോധവത്ക്കരണങ്ങളിലൂടെയും വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ സർക്കാർ പരിശ്രമം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**